
Monthly Price: 4 Year: 2011



# ബൈബിൾ ദൂതന്

# THE BIBLE TRUTH

## മനുഷ്യന്റെ ആത്മാവിന്റെ വഴികൾ-സഭാപ്രസംഗി 12: 7

**നമ്മുടെ ആത്മാവ് ദൈവത്തിൽ നിന്നു വരുന്നു. എബ്രായർ 12.9**

അവന്റെ രൂപത്തിൽ നമ്മുടെ ആത്മാവിനെ മെനഞ്ഞിരിക്കുന്നു-1കൊരിന്ത്യർ 15:49

ആദാമിൽനിന്നും എല്ലാവരും വന്നു-പ്രവൃത്തി.17:26 നാം അവനെ പോലെയാകുന്നു.

↓

ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു-1കൊരിന്ത്യർ 13:11 ദൈവരാജ്യം അങ്ങനയുള്ളവരുടേതല്ലോ. ലൂക്കൊസ് 18:16.

↓

ആത്മാവിന്റെ പക്വതാ നടപടി (മനസ്, ഹൃദയം, മനസാക്ഷി) ശരീരത്തിന്റേയും.

പാപം ആത്മീയ മരണത്തെ കൊണ്ടുവരുന്നു- റോമർ 5:12

നന്മതിന്മകളെകുറിച്ചുള്ള അറിവു എല്ലാവരിലും ഉള്ളതുകൊണ്ട് നാമെല്ലാം പാപം ചെയ്യുന്നു- ഉല്പത്തി. 3:22; 1കൊരിന്ത്യർ 15:22; റോമർ 3:23

ഈ സമയത്ത് രണ്ട് പോയിന്റ്:

1. തിന്നുവാനും കുടിക്കുവാനും ആനന്ദിക്കുവാനും തുടങ്ങുന്നു 1കൊരിന്ത്യർ 15:32.

   മോശം

   ഫലം: റോമർ 1:18-22; എഫേസ്യർ 4:17-19. 1കൊരിന്ത്യർ 6:9,10
2. പ്രവൃത്തി 2:38; 1കൊരിന്ത്യർ 6:11

**പുതിയ ജനനം 1പത്രോസ് 1:22, 23**

ദൈവവചനം കേൾക്കുന്നു അത് വിശ്വസിക്കുന്നു റോമർ 10:13-15

↓

മാനസാന്തരപ്പെട്ട് പുതിയ നിയമത്തെ സ്വീകരിക്കുന്നു- പ്രവൃത്തി. 3:19; എബ്രായർ 8:10-12

↓

യേശുവിനോടുചേരുവാൻ സ്നാനം ഏല്ക്കുന്നു- പ്രവൃത്തി. 8:34-39; റോമർ 6:5-11.

↑

കഴുകുന്നു, വിശുദ്ധീകരിക്കുന്നു, നീതീകരിക്കപ്പെടുന്നു

# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 26** **October 2011** **No.7**

# എഡിറ്റോറിയൽ

കാര്യസാദ്ധ്യത്തിന് വേണ്ടി കർത്താവിനെ സ്വീകരിക്കുന്നവരും വാസ്തവത്തിലുള്ള സ്നേഹം കൊണ്ട് കർത്താവിനെ സ്വീകരിക്കുന്നവരും തമ്മിൽ വളരെ അന്തരമാണുള്ളത്. ഭൗതികമായ ലക്ഷ്യമോ, ശാരീരികാവശ്യമോ മനസിൽ കണ്ടുകൊണ്ട് കർത്താവിനെ പിൻപറ്റുന്നവരെ യേശു ശാസിക്കുകയുണ്ടായി. ഉദാഹരണത്തിന് യേശു അഞ്ചപ്പവും രണ്ടുമീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചപ്പോൾ അവനെ പിൻപറ്റുവാൻ നിരവധിപേരുണ്ടായിരുന്നു. അവൻ ഉപദേശിച്ചുതുടങ്ങിയപ്പോൾ ഭൂരിഭാഗം ആളുകളും പിൻവാങ്ങി പോയതായി നാം കാണുന്നുണ്ട്. നിങ്ങൾ അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ അനുഗമിച്ചത് എന്ന് യേശു അവരോട് തുറന്നു പറയുന്നുണ്ട്. അതേപോലെ യേശു അനേകം രോഗികളെ സൗഖ്യമാക്കിയത് കാണികളെ വിസ്മയിപ്പിച്ചു. അത് കണ്ട് ധാരാളം പേർ അവനെ അനുഗമിച്ചു. ഈ രണ്ടു കൂട്ടം ആളുകളുടെയും മനോഭാവം ഒന്നു തന്നെയായിരുന്നു.

യേശുവിന് വാസ്തവത്തിൽ ആഹാരമില്ലാത്തവരോടും നിരാലംബരോടും ദീനാനുകമ്പയുണ്ടായിരുന്നു. ഇന്നും ഉണ്ട്. പക്ഷെ ആളുകളുടെ മുൻഗണനാ ക്രമത്തിലാണ് വ്യത്യാസം ഉള്ളത്. യേശു പിശാചിനാൽ പരീക്ഷിക്കപ്പെട്ട സമയം വിശന്നിരുന്നതായിരുന്നു. എന്നാൽ അവൻ പറഞ്ഞത് ശ്രദ്ധിക്കത്തക്കതാണ്. മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു വരുന്ന സകലവചനങ്ങൾ കൊണ്ടുമാണ് ജീവിക്കുന്നത്. ഭൂവാസികളായ സകല മനുഷ്യരും മുമ്പെ ദൈവരാജ്യവും അവന്റെ നീതിയുമാണ് അന്വേഷിക്കേണ്ടത്. എന്നാൽ ആളുകൾ പലപ്പോഴും ആദ്യം അന്വേഷിക്കുന്നത് ആഹാരവും വസ്ത്രവും ഭവനവുമാ

. ണ്.അതുകൊണ്ടാണ് അങ്ങനെ ഉള്ളവർ പരാജയപ്പെടുന്നത്. ലോക പ്രകാരം വിജയിക്കുവാനുള്ള ബദ്ധപ്പാടിലാണ് ആളുകളധികവും. അതിന്റെ മുഖ്യകാരണം സാത്താൻ ആളുകളുടെ മനസിനെ കുരുടാക്കി വെച്ചിരിക്കുകയാണ്. ശരിയായ കാഴ്ച്ചപ്പാട് അവർക്ക് നഷ്ടമായിരിക്കുന്നു. അതുകൊണ്ട് സമൂഹം തലതിരിഞ്ഞാണ് നടക്കുന്നത്. നമ്മുടെ രക്ഷകനായ ക്രിസ്തു നമുക്ക് നടക്കുവാൻ ഒരു മാതൃക വെച്ചേച്ചുപോയിരിക്കുന്നു. ആ വഴിയിൽ കൂടെയാണ് നാം നടക്കേണ്ടത്. അല്ലെങ്കിൽ നാം ഇടറിവീഴും. യേശു പറയുന്നത്, ഞാൻ തന്നെയാണ് വഴിയും സത്യവും ജീവനും, ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടന്നാൽ നമുക്ക് അവനോട് കൂട്ടായ്മ ഉണ്ട്.

ഏതൊരു രാജ്യത്തുള്ള വ്യക്തിയായാലും സംസാരഭാഷ എന്തായിരുന്നാലും ശരി ഒരു വ്യക്തിക്ക് ആത്മരക്ഷ അത്യന്താപേക്ഷിതമാണ്. അതായത് നമ്മിൽ കർത്താവിന്റെ ഭരണം വേണം. പിശാചാണ് മനുഷ്യനെ ബന്ധനത്തിലാക്കി വെച്ചിരിക്കുന്നത്. അതിൽ നിന്നു മോചനം നേടുവാനായി യേശു സത്യം വേദപുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. നാം സത്യം അറിഞ്ഞാൽ നമുക്ക് സ്വാതന്ത്ര്യം ലഭിക്കും. പാപത്തിനടിമപ്പെട്ട് ജീവിക്കുന്നവർ തങ്ങൾ ബന്ധനത്തിലാണെന്ന് തിരിച്ചറിയുന്നില്ല. ദൈവികസ്വാതന്ത്ര്യം എന്താണെന്ന് രുചിച്ചറിയുവാൻ നാം കർത്താവിന്റെ വചനം പഠിക്കണം. ദൈവഹിതമെന്തെന്ന് തിരിച്ചറിയുവാൻ എല്ലാവരും മനസ് പുതുക്കി രൂപാന്തരപ്പെടണം. .

നിങ്ങൾ എങ്ങനെയാണ് ജീവിക്കുന്നത്? ദൈവഹിതപ്രകാരമാണോ? അല്ലെങ്കിൽ തീരുമാനം എടുക്കേണ്ടത് നിങ്ങൾ തന്നെയാണ്. ഇപ്പോൾ സത്യവചനപ്രകാരം വിശ്വസിപ്പാനും പാപങ്ങളിൽനിന്നകലുവാനും ക്രിസ്തു ദൈവപുത്രനാണെന്ന് ഏറ്റുപറയുവാനും പാപമോചനത്തിനായി സ്നാനം ഏൽക്കുവാനും നിങ്ങൾക്ക് കഴിയും. കർത്താവാണ് മനുഷ്യരെ രക്ഷിക്കുന്നത്. ശിക്ഷിക്കുവാനും അവനാണ് അധികാരമുള്ളത്. നിങ്ങൾ വചനം അനുസരിച്ചിട്ട് പിന്മാറിപോയെങ്കിൽ യഥാസ്ഥാനപ്പെടുവാൻ താമസിക്കരുത്. മരിച്ചുകഴിഞ്ഞാൽ പിന്നെ അതിന് സാധ്യമല്ല.

✶

# നാമധേയവിഭാഗത്തിന്റെ യോഗം

## *J.C* ചോട്ട്

അടുത്ത സമയത്ത് ഒരു നാമധേയവിഭാഗത്തിന്റെ യോഗത്തിൽ പങ്കെടുക്കുവാനുള്ള അവസരം ലഭിക്കയുണ്ടായി. ഞാൻ സാധാരണ ഇത്തരം യോഗങ്ങളിൽ സംബന്ധിക്കാറില്ല. കാരണം ഞാൻ അവരെ പ്രോൽസാഹിപ്പിക്കുന്നു എന്ന് വരരുതല്ലൊ. എന്നാൽ ഈ സാഹചര്യത്തിൽ അവിടെ എന്തു നടക്കുന്നു എന്നു നിരീക്ഷിക്കുവാൻ ഒരു നിരീക്ഷകനായിട്ടാണ് അവിടെ പോയത്. അവിടെ കണ്ടതായ ചില കാര്യങ്ങൾ നിങ്ങളോട് വിവരിക്കുവാനാണ് ഈ ലേഖനത്തിൽ ഞാൻ ഉദ്ദേശിക്കുന്നത്.

ഒരു പട്ടണത്തെ മുഴുവൻ കേന്ദ്രീകരിച്ച് നടത്തുന്ന ഇത്തരം യോഗങ്ങൾ സാധാരണ എല്ലാ വിഭാഗങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ടായിരിക്കും നടത്തുക. അതുപോലെ മിക്കവാറും എല്ലാ മതാദ്ധ്യക്ഷന്മാരെയും ക്ഷണിച്ച് വേദിയിലിരുത്തുകയു ചെയ്യും. പ്രസംഗിക്കുന്നത് എല്ലാവർക്കും സുസമ്മതനായ പ്രാസംഗികനുമായിരിക്കും. ഒരു വിഭാഗത്തിലുള്ളവരുടേയും വിശ്വാസത്തെ സ്പർശിക്കാതെ ആർക്കും ഒരു കുഴപ്പവുമില്ലാത്ത രീതിയിലായിരിക്കും പ്രസംഗം. വന്നുകൂടുന്നവരെല്ലാം വിവിധ ഉപദേശങ്ങളും വിശ്വാസങ്ങളും അനുസരിച്ചുപോരുന്നവരായിരിക്കും. അവർ അറിയപ്പെടുന്ന പേരുകളും പരിശീലനങ്ങളും വ്യത്യസ്തമായിരിക്കും. എല്ലാവരേയും സംഘടിപ്പിച്ച് ഇത്തരം കൺവെൻഷനുകൾ നടത്തുന്നത ശ്ലാഘനീയമല്ലേ എന്ന് ചോദിച്ചേക്കാം. എന്തിനാണ് അവർ ഇത്തരം സുവിശേഷ യോഗങ്ങൾ നടത്തുന്നത്? ഞങ്ങൾക്കുമുണ്ട് സുവിശേഷ പ്രവർത്തനങ്ങൾ എന്ന് വരുത്തി തീർക്കുവാൻ.

വളരെ ചെലവുള്ള യോഗങ്ങളാണ് ഇവർ നടത്തുന്നത്. പത്രങ്ങളിൽ പരസ്യം കൊടുത്തും, ബാനറുകളും, പോസ്റ്ററുകളും, നോട്ടീസുകളും ധാരാളം അടിച്ചിരിക്കും സൗകര്യപ്രദവും അറിയപ്പെടുന്നതുമായ ഒരു മൈതാനം അവർ യോഗത്തിന് തിരഞ്ഞെടുക്കും. എല്ലാവർക്കും എളുപ്പം വന്നു ചേരാവുന്ന സ്ഥലമായിരിക്കും അവർ തിഞ്ഞെടുക്കുന്നത്. ദൂരെ ഇരിക്കുന്നവരുടേയും നിൽക്കുന്നവരു

ടേയും പ്രയോജനത്തിനായി വാടകക്കെടുക്കുന്ന കസേരകൾ ഉച്ച ഭാഷിണികൾ, വീഡിയോകളും ടിവി സ്ക്രീനുകളും ഉണ്ടായിരിക്കും. ഓരോ വിഭാഗത്തിനും പ്രത്യേക സ്റ്റാളുകൾ അവരുടെ പുസ്തക ങ്ങളും മറ്റു ആചാരവസ്തുക്കളും വിൽക്കുന്നതിനുള്ള സൗകര്യ വുമുണ്ട്. പാട്ട് പാടുന്നതിന് പ്രത്യേകമായ ഒരു സംഘം മറ്റൊരു പ്രത്യേകതയാണ്.

പ്രസിദ്ധനായ ഒരു പ്രാസംഗികനെ എല്ലാവരും ചേർന്നാണ് ക്ഷണിച്ചു വരുത്തുന്നത്. ചിലപ്പോൾ അദ്ദേഹത്തോടൊപ്പം ഒരു സംഘം ആളുകളുമുണ്ടാകും. രാജകീയമായ ഒരു സ്വീകരണമായി രിക്കും ഒരുക്കുന്നത്. ഈ പ്രാസംഗികർ തങ്ങളുടെ ശുശ്രൂഷയെ പ്രാദേശിക തലത്തിൽനിന്നു ദേശീയ തലത്തിലേക്കും, അന്തർദേ ശീയ തലത്തിലേക്കും വ്യാപിപ്പിക്കും. ചിലർ ഇത്തരം യോഗങ്ങളി ലേക്ക് രാഷ്ട്രീയ സ്വാധീനമുള്ള നേതാക്കന്മാരെയും ക്ഷണിക്കാ റുണ്ട്. സമൂഹത്തിലെ ഉയർന്ന വ്യക്തികളേയും ക്ഷണിച്ച് വേദിയിലി രുത്തും. അവർക്ക് ചിലപ്പോൾ പ്രാർത്ഥിക്കുവാനോ അല്ലെങ്കിൽ ആമുഖ പ്രസംഗത്തിനോ അവസരം കൊടുത്തേക്കാം. അതിന്റെ എല്ലാം പിന്നിൽ അവർക്ക് ചില വ്യക്തിപരമായ ഉദ്ദേശങ്ങളുണ്ട്.

ഓരോ മീറ്റിങ്ങിലും ആയിരക്കണക്കിന് ആളുകൾ ആകർഷിക്ക പ്പെടുന്നു. പങ്കെടുക്കുന്ന അദ്ധ്യക്ഷന്മാരുടെ നിർബ്ബന്ധത്താൽ സംബ ന്ധിക്കുന്ന ആളുകളും ഇതിൽ സംബന്ധിക്കുന്നുണ്ട്. ആൾക്കൂട്ടം പൊതുവിൽ ആളുകളെ ആകർഷിക്കുന്നുണ്ട്. ദൈവജനം കൂടുന്ന തല്ലേ? എന്നു കരുതി പോകുന്നവരുണ്ട്. എന്നെപോലെ അവിടെ നടക്കുന്നതെന്ത് എന്നറിയുവാൻ, ജിജ്ഞാസയോടെ പോകുന്നവ രുമുണ്ടായേക്കാം. മറ്റു മതവിശ്വാസികളും ഇതിൽ പങ്കെടുത്തു എന്ന് വന്നേക്കാം. അവിടെ നടക്കുന്നത് ഒരു ഉൽസവത്തിന്റെ പ്രതീതി ആയിരിക്കും. കാരണം, മതപരവും അല്ലാത്തതുമായ ലഘുലേഖന ങ്ങൾ വിതരണം ചെയ്യും, വ്യാപാരികൾ അവരുടെ വ്യാപാരത്തിന്റ പരസ്യവും നടത്തും.

ഓരോ മീറ്റിങ്ങും മണിക്കൂറുകൾ നീണ്ടു നിൽക്കുന്നവയാണ്. പ്രാർത്ഥനകളും വാദ്യമേളങ്ങളോടുകൂടിയ സംഗീതവുമുണ്ടാകും. അതെല്ലാം കഴിഞ്ഞാണ് മുഖ്യ പ്രസംഗം. ചില ആളുകൾ അവിടെ

നടക്കുന്നത് എല്ലാം ക്ഷമയോടെ കാത്തിരുന്ന് കാണുന്നു. ആയിരക്കണക്കിന് ആളുകൾ വരികയും പോകുകയും ചെയ്യും. ഗ്രൗണ്ടിൽ ശ്രദ്ധയോടെ ഇരുന്നവരാണ് സംഘാടകരുടെ കണക്കിൽ കർത്താവിനോട് പ്രതികരിച്ചവർ. സദസ്യർക്ക് ആർക്കും പരിവർത്തനമൊന്നും നടക്കുന്നില്ല. ഇങ്ങനെയുള്ള കൺവെൻഷനുകളിൽ പങ്കെടുക്കുന്നവർക്ക് മാനസികമായി ചില അനുഭൂതികളുണ്ടായേക്കാം. അത് താല്ക്കാലികമാണ്. അല്ലാതെ അതിനപ്പുറമായി അവിടെ ഒന്നും സംഭവിക്കുന്നില്ല. യഥാർത്ഥ വിജയി പ്രാസംഗികനും സംഘാടകരുമാണെന്ന് പറയാം. എല്ലാവരും അദ്ദേഹത്തെ അനുമോദിക്കും ഈ മീറ്റിങ്ങുകളിൽ ധാരാളം പണപ്പിരിവുകളും നടക്കുന്നുണ്ട്. ഒരു പക്ഷെ അതിനുശേഷവും ആളുകൾ പണം അയച്ചുകൊടുത്തെന്നുവരാം.

ഇത്തരം യോഗങ്ങളിൽ അത്ഭുതം എന്തെങ്കിലും നടക്കുമെന്ന് വിചാരിച്ച് വരുന്നവരുമുണ്ട്. കാരണം പെന്തെകൊസ്തു മീറ്റിങ്ങുകളുടെ പരസ്യമെല്ലാം അത്തരത്തിലായിരിക്കും. അത്തരം പരസ്യം ഇങ്ങനെ കൺവെൻഷൻ നടത്തുന്നവരും നടത്തുന്നത് കാണാം. രോഗസൗഖ്യവും ഭൗതികകാര്യസാധ്യവും ലക്ഷ്യമാക്കി വരുന്നവർ അവരുടെ ശാരീരികവും ഭൗതികവുമായ അവസ്ഥക്ക് മാറ്റം പ്രതീക്ഷിക്കുന്നത് സ്വാഭാവികമാണ്. ഇങ്ങനെയുള്ളവർക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണെന്ന് പ്രഖ്യാപിക്കയും ചെയ്യും. പ്രാർത്ഥനക്കു ശേഷം സൗഖ്യം കിട്ടിയതായി വേദിയിൽ കയറി ചിലർ സാക്ഷ്യവും പറയും. വേറൊരു രീതി എന്തെന്നാൽ പ്രത്യേക ചില രോഗമുള്ളവരുടെ പേർ പ്രാർത്ഥനക്ക് മുൻപ് വിളിച്ചു പറയും. തങ്ങൾക്ക് ദൈവത്തിന്റെ അരുളപ്പാടും ശക്തിയുമുണ്ട് എന്ന് വരുത്തി തീർക്കുവാനാണത്.

ഇതെല്ലാം മുൻകൂട്ടി തയ്യാറാക്കിയ പദ്ധതികളാണെന്ന് അധികം പേരും അറിയുന്നില്ല. കുരുടനായി മീറ്റിങ്ങിൽ വന്നയാൾ കുരുടനായി തന്നെ മടങ്ങി പോകുന്നു. ചെകിടനായി വന്ന ആളും അങ്ങനെ തന്നെ തിരിച്ചുപോകുന്നു. പ്രാസംഗികരും സംഘാടകരും പ്രഖ്യാപിക്കുന്നത് കേട്ട് ആളുകൾ തിരിച്ചുപോകുന്നു എന്നതാണ് പരമാർത്ഥം. എന്തിനാണ് അവരിങ്ങനെ ചെയ്യുന്നത്? ഇവർ നിമിത്തം ദൈവനാമം ദുഷിക്കപ്പെടുകയല്ലേ ചെയ്യുന്നത്? പക്ഷെ ആരും

അതിനെ ശരിയായി പ്രതികരിക്കുവാനായി വരുന്നില്ല. പരിശുദ്ധാത്മാഭിഷേകത്താൽ അവർക്ക് രോഗശാന്തിക്കും മറ്റുമുള്ള ഈ കഴിവുണ്ടെന്ന് പറയുന്നവർ കഠിന രോഗം വരുമ്പോൾ ചികിൽസിക്കുന്നതെന്തിനാണ്? പരിശുദ്ധാത്മാഭിഷേകം ലഭിച്ച അപ്പൊസ്തലന്മാർ അന്യഭാഷയിൽ സംസാരിക്കുകയും അത്ഭുതരോഗസൗഖ്യം വരുത്തുകയും ചെയ്തു. അവർക്ക് ദൈവം അതിനുള്ള ശക്തി കൊടുത്തു. അതുകൊണ്ടാണ് അവർക്ക് അതിന് കഴിഞ്ഞത്. അതിന് ഒരു ഉദ്ദേശവുമുണ്ടായിരുന്നു(പ്രവൃത്തികൾ 2:4, 6). അന്യഭാഷയിൽ സംസാരിക്കുവാൻ കഴിയുമെന്ന് പറയുന്നവർ വിദേശങ്ങളിലോ മറ്റു ഭാഷകൾ സംസാരിക്കുന്ന പ്രദേശത്തോ പോകുമ്പോൾ മറ്റുള്ളവരെക്കൊണ്ട് തർജ്ജിമ ചെയ്യിക്കുന്നത് എന്തിനാണ്? അവർക്ക് സ്വയമായി അവരുടെ ഭാഷയിൽ സംസാരിച്ചുകൂടെ? ഒന്നാം നൂറ്റാണ്ടിൽ നടന്ന അന്യഭാഷ അതായിരുന്നു.

അവസാനമായി, അവിടെ ശുദ്ധമായ സുവിശേഷം പ്രസംഗിക്കപ്പെടുന്നില്ല. ധാരാളം പ്രവർത്തികൾ അവിടെ നടക്കുന്നുണ്ട്. പല വിധത്തിലുള്ള പ്രസംഗങ്ങൾ നടക്കുന്നുണ്ട്. പക്ഷെ എന്തുചെയ്യാം സത്യം തുറന്നു പറയുന്നില്ലല്ലൊ. അത്ഭുതകരമായ അനുഭവസാക്ഷ്യങ്ങൾ, പരിശുദ്ധാത്മ സ്നാനം എന്നിവയായിരിക്കും അവരുടെ മുഖ്യസന്ദേശം സുവിശേഷത്തിലേക്ക് നാമമാത്രമായിട്ടേ കടക്കാറുള്ളു. അത് വിശ്വാസത്തിൽ ഒതുക്കും. എപ്രകാരം ഒരാൾ വിശ്വസിക്കണമെന്നാണ് ദൈവം പറഞ്ഞിരിക്കുന്നത് എന്നോ, ഒരാൾക്ക് എങ്ങനെ ക്രിസ്തുവിനോട് ചേരുവാൻ ദൈവം പറഞ്ഞിരിക്കുന്നുവെന്നോ അവർ പ്രസ്താവിക്കുകയില്ല. അതായത് സത്യം മുഴുവൻ തുറന്ന് പ്രഖ്യാപിക്കുകയില്ല എന്നർത്ഥം. ഒരാൾ രക്ഷിക്കപ്പെടുവാൻ എന്തെല്ലാം ചെയ്യണമെന്നാണ് പരിശുദ്ധാത്മാവ് അരുളിച്ചെയ്തിരിക്കുന്നത് എന്ന കാര്യം അവർ പ്രശ്നമാക്കുന്നില്ല.

സഭയെ സംബന്ധിച്ചും ഇവർ മൗനം പാലിക്കും. സഭ ഏതായാലെന്താ ആളുകളുടെ ജീവിതം നന്നായാൽ പോരേ എന്ന് ചോദിക്കുന്നവരുമുണ്ട്. സഭ മാറേണ്ട ആവശ്യമില്ല എന്നും ചില പ്രാസംഗികർ പറയും. അതായത് ഏത് നാമധേയവിഭാഗത്തിലായാലും അവരുടെ ആചാരാനുഷ്ഠാനങ്ങൾ എന്തായാലും അതെല്ലാം ചെയ്ത് അവിടെ തന്നെ കഴിഞ്ഞാൽ ദൈവം അവരെ രക്ഷിക്കും എന്നാണ്

അവർ ആളുകളെ വിശ്വസിപ്പിക്കുന്നത്. അത് വചനവിരുദ്ധമാണ്. ഈ വചനം തന്നെയാണ് നമ്മെ അന്ത്യനാളിൽ ന്യായം വിധിക്കുന്നത് എന്ന് അവർ അറിയാതിരിക്കയാണോ എന്ന് സംശയിക്കുന്നു. അപ്പൊസ്തലവന്മാരുടെ കാലത്ത് അവർ ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെക്കാതെയാണ് ആളുകളെ അറിയിച്ചിരുന്നത്. കാരണം ആളുകൾ നഷ്ടപ്പെട്ടുപോകരുത് എന്ന ആത്മാർത്ഥത അവരിലുണ്ടായിരുന്നു(പ്രവൃത്തികൾ 20:27). മാത്രമല്ല രക്ഷിക്കപ്പെടുന്നവരെയാണ് കർത്താവ് സഭയോട് ചേർക്കുന്നത്. വചനവിരുദ്ധമായ നടപടികൾ ദൈവം സ്വീകരിക്കുകയില്ല. സഭയുടെ പ്രാധാന്യം അവർ പഠിപ്പിക്കുകയേയില്ല. സഭയുടെ തല ക്രിസ്തുവാണെന്നോ, അടിസ്ഥാനം അവനാണെന്നോ പഠിപ്പിക്കുന്നില്ല. അതു തുറന്നു പഠിപ്പിച്ചാൽ നാമധേയവിഭാഗങ്ങളുടെ പ്രസക്തി ഇല്ലാതാവും എന്നതായിരിക്കാം കാരണം.

ഒരു ഭാഗം മറെക്കുകയും മറ്റൊരു ഭാഗം മാത്രം വെളിപ്പെടുത്തുകയും ചെയ്യുന്നത് വഞ്ചനയാണ്. അനീതികൊണ്ട് സത്യത്തെ തടുക്കുന്നവരാണ് ഇക്കൂട്ടർ. വചനത്തെ കോട്ടിക്കളയുന്നതിന് തുല്യമാണ് അതിനോട് കൂട്ടുകയോ അതിൽനിന്ന് എന്തെങ്കിലും എടുത്തുകളയുകയോ ചെയ്യുന്നത്. ഇങ്ങനെയുള്ള ഉപദേഷ്ടാക്കന്മാരെ ബൈബിളിൽ ദുരുപദേഷ്ടാക്കന്മാർ എന്നാണ് വിളിച്ചിരിക്കുന്നത്. ഉപദേഷ്ടാക്കന്മാർ സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുന്നവരായിരിക്കണം.

മതപരമായ സ്വാതന്ത്ര്യം നമുക്കുള്ളതുകൊണ്ട്, എണ്ണമറ്റ ആളുകളെ ഒത്തൊരുമിച്ച് കൂട്ടിവരുത്തുന്നത് നല്ല കാര്യമാണ്. എന്നാൽ വരുന്നവരിൽ, സത്യം കേൾക്കുവാൻ ആഗ്രഹിക്കുന്നവരും, രോഗശമനം പ്രതീക്ഷിക്കുന്നവരും വീട്ടിലേക്ക് നിരാശയോടെ പോകുന്ന ചിത്രം ഒന്ന് ഊഹിച്ചു നോക്കുക. നാമധേയവിഭാഗങ്ങളിലെ ഉപദേഷ്ടാക്കന്മാർ ഉള്ളേടത്തോളം ഇതുപോലെയുള്ള കൺവെൻഷനുകളും പ്രവർത്തികളും തുടരും. നഷ്ടപ്പെട്ടവർ വീണ്ടും നഷ്ടപ്പെട്ടവരായി തുടരും കുരുടരും ചെകിടരും മുടന്തരും അങ്ങനെതന്നെയിരിക്കും. ഇത് സത്യാന്വേഷികൾ തിരിച്ചറിയുകയും ബൈബിളിലെ സത്യം മനസിലാക്കുകയും ചെയ്യുമ്പോൾ അവർ ആ കെണിയിൽനിന്ന് സ്വതന്ത്രരാകും(യോഹന്നാൻ 8:32).

ഇതു മൂലം പലർക്കും വിശ്വാസം തന്നെ നഷ്ടപ്പെടുവാനിടയുണ്ട്. പ്രിയമുള്ളവരേ, ഇത്രയും ചൂണ്ടിക്കാണിച്ചത് അവരോടുള്ള അസൂയ നിമിത്തമോ വിമർശിക്കുവാനോ വേണ്ടിയല്ല. അവർ ദൈവവചന സത്യം ഒട്ടും മറച്ചു പിടിക്കാതെ പൂർണ്ണസത്യം പ്രസംഗിക്കുകയാണെങ്കിൽ അത് ആത്മാക്കൾക്ക് പ്രയോജനം ചെയ്യും. നാം ചെയ്യുന്നതെന്തും ദൈവസന്നിധിയിൽ സ്വീകാര്യമായിരിക്കണം. ആത്മാക്കളെ കുറിച്ച് കരുതാതെ സ്വന്തം വയറ്റിനെ സേവിക്കുന്ന ഉപദേഷ്ടാക്കന്മാർ എക്കാലത്തും ഉണ്ടായിട്ടുണ്ട്. സാത്താൻ അവരെ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ചതിക്കപ്പെടുന്നത് നിഷ്ക്കളങ്കരായ ആളുകളാണ്. ഓരോ വ്യക്തിയുടേയും ഉത്തരവാദിത്വം എന്തെന്നാൽ നിങ്ങൾ കേൾക്കുന്നത് അങ്ങനെ തന്നെ വിശ്വസിക്കാതെ അത് അങ്ങനെതന്നെയോ എന്ന് തിരുവെഴുത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തണം(പ്രവൃത്തികൾ 17:11).

ഒരു പ്രാസംഗികൻ സദസ്യരോട് "കർത്താവായ യേശുവിൽ വിശ്വസിക്കുന്നവർ കൈ ഉയർത്തുക" എന്ന് പറയുമ്പോൾ ആളുകൾ അവരുടെ കൈകൾ ഉയർത്തും. നിങ്ങൾ ഹൃദയം കൊണ്ട് വിശ്വസിക്കുകയും വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്തതുകൊണ്ട് രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നവർ പ്രഖ്യാപിക്കും. ഇത് ബൈബിളിൽ പറഞ്ഞിട്ടില്ലാത്ത പ്രസ്താവനയാണ്. ഹൃദയം കൊണ്ട് വിശ്വസിക്കുകയും വായ്കൊണ്ടു ഏറ്റുപറയുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും എന്ന് തിരുവെഴുത്തിലുണ്ട്. പക്ഷെ അതുകൊണ്ട് മാത്രം രക്ഷിക്കപ്പെടും എന്ന് പറയുന്നതാണ് തെറ്റ്.

ഏതൊരു വിഷയത്തെ സംബന്ധിച്ചായാലും കർത്താവും പുതിയനിയമ എഴുത്തുകാരും എന്താണ് പറഞ്ഞിരിക്കുന്നത് എന്ന് നാം നോക്കണം. നാം ആശ്രയിക്കേണ്ടത് മനുഷ്യരിലല്ല, മറിച്ച് ദൈവത്തിലും അവന്റെ വചനത്തിലുമായിരിക്കണം അങ്ങനെയാണെങ്കിൽ നാം പരാജയപ്പെടുകയില്ല. ചിലർ സ്നാനത്തെ പറ്റി പ്രസംഗിക്കുകയില്ല. വേറെ ചിലർ പറയുന്നത് സഭ ഏതായാലെന്താണ്, സഭയല്ലല്ലോ നമ്മെ രക്ഷിക്കുന്നത് ക്രിസ്തുവല്ലേ എന്നാണ്. സ്നാനപ്പെടുത്തിയിട്ട് നിങ്ങൾക്ക് സൗകര്യപ്രദമായ സഭയിൽ ആരാധനക്ക് പോയാൽ മതി എന്ന അഭിപ്രായക്കാരുണ്ട്. ഓരോരുത്തരുടെ ഊഹാപോഹങ്ങൾക്കനുസരിച്ച് ഉപദേശിക്കുവാൻ കർത്താവ് നമുക്ക് അനു

വാദം നൽകിയിട്ടുണ്ടോ എന്നതാണ് നാം ചോദിക്കേണ്ടത്. കാരണം ഇന്ന് മനുഷ്യർക്ക് ആർക്കും മതപരമായി ഒരധികാരവുമില്ല.

ഇത്തരം യോഗങ്ങളിൽ വരുന്നവർക്ക് പൂർണ്ണസത്യം കേൾക്കുവാൻ കഴിയുന്നില്ല എന്നതാണ് പരമാർത്ഥം. ആ സ്ഥിതികൾക്ക് മാറ്റം സംഭവിക്കുന്നില്ല. ദൈവവചനമെന്ന സുവിശേഷത്തിന്റെ ശരിയായ ശക്തി ആളുകളിലേക്കെത്തുന്നില്ല എന്നതാണ് വാസ്തവം. അതുകൊണ്ട് ആളുകൾക്ക് അവരുടെ ജീവിതത്തിൽ ഒരു മാറ്റവുമുണ്ടാകുന്നില്ല. അപ്പൊസ്തലനായ പൗലൊസും കൂട്ടരും തെസലോനിക്യയിലെത്തിയപ്പോൾ, ഭൂലോകത്തെ കീഴ്മേൽ മറിച്ചവർ ഇവിടെയുമെത്തി എന്നാണ് പറഞ്ഞത്. ആളുകൾക്ക് എക്കാലവും കലർപ്പില്ലാത്ത സത്യമാണ് ആവശ്യം. സത്യാന്വേഷികളായ ആളുകൾക്ക് ദൈവം അത് എത്തിച്ചുകൊടുക്കും. എല്ലാവരും ബൈബിൾ തുറന്ന മനസോടെ വായിച്ചാൽ അവർക്ക് സത്യം വെളിപ്പെട്ടുകിട്ടും. ജനങ്ങളുടെ ആശയമോ വാഗ്ദാനങ്ങളോ അല്ല ആത്മാക്കൾക്ക് ആവശ്യം, പിന്നെയോ ദൈവത്തിന്റേതാണ്. കർത്താവ് പൂർണ്ണമായി ദൈവേഷ്ടത്തിന് കീഴ്പ്പെട്ട മാതൃക നമുക്ക് പിൻപറ്റുവാൻ തന്നിരിക്കുകയാണ്. ഇന്ന് എല്ലാവരും ദൈവഹിതമെന്തെന്ന് തിരിച്ചറിയേണ്ടതിന്ന് മനസ് പുതുക്കി രൂപാന്തരപ്പെടുകയാണ് വേണ്ടത്.

ബഹുഭൂരിപക്ഷം പോകുന്നതു തെറ്റായിരിക്കുകയില്ല എന്ന ചിന്തയോടെ ജീവിക്കുന്നവരുണ്ട്. ലോകമതം ഇന്ന് അന്ധതയിലാണ് എന്ന് നിഷ്പക്ഷമായി വിലയിരുത്തിയാൽ മനസിലാകും. നാം നമുക്ക് ചുറ്റും കാണുന്നതിലല്ല ആശ്രയിക്കേണ്ടത്. കർത്താവിലും അവന്റെ വചനത്തിലുമാണ്. മറ്റുള്ളവർ എന്തു പറഞ്ഞാലും എന്തു ചെയ്താലും നിങ്ങൾക്ക് കർത്താവിന്റെ ഹിതം നിവർത്തിക്കുവാനുള്ള മനസുണ്ടെങ്കിൽ, മറ്റാരോടും ആലോചിക്കാതെ കർത്താവ് പറയുന്നത് ചെയ്യുക. യേശുക്രിസ്തുവിനു മാത്രമെ നമ്മെ രക്ഷിക്കുവാൻ കഴിയു എന്നുള്ളതുകൊണ്ട് അവന്റെ കല്പനകൾ മാത്രം അനുസരിക്കുവാൻ നിങ്ങൾക്ക് ധൈര്യമുണ്ടാകണം. ദയവ് ചെയ്ത് എന്നെയോ മറ്റൊരു മനുഷ്യനെയും പിൻപറ്റാതിരിക്കുക. കാരണം ഒരു മനുഷ്യനും മറ്റൊരാളെ രക്ഷിപ്പാൻ സാധ്യമല്ല.

✶

# ഇല്ലാതെ പോയ എണ്ണയും വിളക്കുകളും

## സിസിൽ. സി

മത്തായി 25-ാം അദ്ധ്യായത്തിൽ പത്തു കന്യകമാരുടെ ഉപമ യേശു പഠിപ്പിക്കുന്നുണ്ട്. അവരിൽ വിളക്കിൽ മതിയായത്ര എണ്ണ എടുത്തവരും മതിയായത്ര എണ്ണ എടുക്കാതിരുന്നവരും ഉണ്ടായിരുന്നു. ഇന്ന് പലരിലും ഉണ്ടാകുന്ന വിട്ടുപോകലും അശ്രദ്ധയും നാം ചിന്തിക്കേണ്ടതാണ്. ബുദ്ധിയുള്ളവരും ബുദ്ധിയില്ലാത്തവരും എന്ന് അവരെ വേർതിരിച്ച് പറഞ്ഞിരിക്കുന്നു. എന്തുകൊണ്ടാണ് പത്ത് പേരിൽ പകുതി വീതം എന്ന് പറഞ്ഞിരിക്കുന്നത് എന്നത് അവ്യക്തമാണ്. അഞ്ചുപേരുടെ പ്രശ്നം എണ്ണ തീർന്നുപോയി എന്നതായിരുന്നു. നമുക്ക് ഇതിനെ വിശദമായി ഒന്ന് വിചിന്തനം ചെയ്യാം.

"ഇല്ലാതെ പോകുന്ന വിളക്കുകൾ" എന്ന പേരിലുള്ള ഒരു ലേഖനം അടുത്ത സമയത്ത് ഞാൻ വായിക്കയുണ്ടായി. അനേകം നൂറ്റാണ്ടുകൾക്ക് മുൻപ് യൂറോപ്പിലെ ഒരു രാജഭക്തൻ തന്റെ മരണശേഷം സ്മരണ നിലനിർത്തുവാൻ എന്തെങ്കിലും ചെയ്യണമെന്ന് വിചാരിച്ചു. ഒടുവിൽ ജനങ്ങൾക്ക് വേണ്ടി ഒരു പള്ളി പണിതുകളയാം എന്ന് വിചാരിച്ചു.

പള്ളിപണി പൂർത്തിയാക്കുന്നതുവരെ അതിന്റെ പദ്ധതികൾ ആരും അറിഞ്ഞിരുന്നില്ല. മനോഹരമായ ആ കെട്ടിടത്തിന്റെ പണി കണ്ട് ആളുകൾ വിസ്മയിച്ചു. കണ്ടവരെല്ലാം അതിന്റെ ഭംഗി കണ്ട് അഭിനന്ദിച്ചു. കാണുവാൻ വന്നുകൂടിയ പുരുഷാരത്തിൽനിന്ന് ആരോ ഉച്ചത്തിൽ പറയുന്നത് കേട്ടു: പള്ളിയുണ്ട്, പക്ഷെ വിളക്ക് എവിടെ? വെളിച്ചമില്ലാത്ത പള്ളി എന്തു പള്ളി എന്നതായിരുന്നു ആ വ്യക്തിയുടെ പ്രതികരണം.

ആ രാജഭൃത്യൻ വന്ന എല്ലാവരേയും അതിനുള്ളിലെ തട്ടുപടികൾ കാണിച്ചുകൊടുത്തുകൊണ്ട് പള്ളിയിൽ വരുന്നവർക്കെല്ലാം അദ്ദേഹം ഓരോ വിളക്കും സംഭാവന ചെയ്തു. അവർ പള്ളിയിൽ വരുമ്പോഴെല്ലാം ആ വിളക്കുമായി പള്ളിയിൽ വരണം. എന്നിട്ട് ഓരോരുത്തരും ഇരിക്കുന്ന ഭാഗത്തുള്ള അലമാരിയിലുള്ള തട്ടുപടിയിൽ

വിളക്ക് കത്തിച്ചു വെക്കണം. പിന്നെ അദ്ദേഹം പറഞ്ഞത് നിങ്ങൾ ഓരോ സമയത്തും പള്ളിയിൽ വരുമ്പോൾ അവിടെ വെളിച്ചം ഉണ്ടായിരിക്കും. നിങ്ങൾ വരാതിരിക്കുന്ന ഓരോ സമയത്തും അവിടെ ഇരുളായിരിക്കും. സഭായോഗം മുടക്കരുത് എന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നുണ്ട്. നാം സഭയോടൊപ്പമില്ലാത്തപ്പോൾ നമ്മുടെ വെളിച്ചം അവിടെ ഉണ്ടായിരിക്കയില്ല. ലോകത്തിലാണെങ്കിൽ നാം ഇരുട്ടിലായിരിക്കും. ക്രിസ്ത്യാനികൾ ലോകത്തിന്റെ വെളിച്ചമാകണം. നാം ലോകത്തിലാണ് ജീവിക്കുന്നതെങ്കിലും നാം ലോകത്തിനുള്ളവരല്ല. നാം ക്രിസ്തുവിനുള്ളവരാണ്. ആ യാഥാർത്ഥ്യം നാം മറക്കരുത്.

പത്തു കന്യകമാരുടെ ഉപമയിൽ പറഞ്ഞിരിക്കുന്നത് പത്തുപേരുടെ കയ്യിലും വിളക്കുണ്ടായിരുന്നു. എല്ലാവരുടെ വിളക്കിലും എണ്ണയുമുണ്ടായിരുന്നു പക്ഷെ കുറെ കഴിഞ്ഞപ്പോൾ എണ്ണ തീർന്നു പോയി. അപ്പോൾ അവരുടെ പ്രകാശം ഇല്ലാതായി എന്നർത്ഥം പലർക്കും ദൈവത്തിൽ വിശ്വാസമുണ്ട്. പക്ഷെ അവർക്ക് അവസാനത്തോളം അവന്റെ കൽപനകൾ പിടിച്ചുകൊൾവാൻ കഴിയുന്നില്ല. എണ്ണ തിർന്നവർ വിളക്കിൽ എണ്ണയുണ്ടായിരുന്നവരോട് ചോദിച്ചു എന്നാൽ അവർ കൊടുത്തില്ല. കാരണം അവർക്കും പിന്നെ എണ്ണ തികയാതെ വരും എന്നതുകൊണ്ടാണ്. മണവാളന്റെ വരവ് എപ്പോഴാണ് എന്നു നമുക്ക് അറിയില്ല. അതുകൊണ്ട് നാം വിളക്കിൽ എണ്ണയോടുകൂടി ഒരുങ്ങിയിരിക്കണം എനർത്ഥം.

വിളക്കും എണ്ണയും ഒരു ക്രിസ്ത്യാനിക്ക് പരമപ്രധാനമാണ്. യേശു നിലവിളക്കുകളുടെ നടുവിൽ നടക്കുന്ന കാഴ്ച്ചയാണ് യോഹന്നാൻ പത്മൊസ് ദ്വീപിൽ വെച്ചു കണ്ടത്. യേശു തന്നെയാണ് ഒരു ക്രിസ്ത്യാനിയെ പ്രകാശമാനമാക്കുന്നത്. ക്രിസ്തുവിനെയും അവന്റെ ഉപദേശത്തേയും നാം അവസാനം വരെ നിലനിർത്തണം. കാഴ്ച്ചക്ക് പ്രകാശം കൂടിയേ തീരു എന്ന് അറിയാത്തവർ ആരുമില്ല ല്ലൊ. നമ്മുടെ കാലുകൾക്കും പാതയ്ക്കും പ്രകാശമേകുന്നത് ദൈവ വചനമാണ്. പാപത്തെ അഥവാ ഇരുട്ടിനെ നമുക്ക് അകറ്റുവാൻ കഴിയണമെങ്കിൽ നാം അവന്റെ വചനം ഉള്ളിൽ സംഗ്രഹിക്കണം. പ്രകാശിക്കാത്ത വിളക്ക് പ്രയോജനമില്ല. അതുപോലെ പ്രകാശം ചൊരിയാത്ത ക്രിസ്ത്യാനികളും ദൈവത്തിന് പ്രയോജനമില്ലാത്തവരാണ്.

# ബൈബിൾ അതിപുരാതനമോ?

## ജോൺ ജിപ്സൺ

വേദപുസ്തകം പണ്ടുപണ്ടേ എഴുതിയതാണ്. അന്നത്തെ ആളുകൾക്ക് വേണ്ടിയാണ് എഴുതിയത്. ഈ ആധുനികകാലഘട്ടത്തിൽ അതിന് മാറ്റം വരുത്തണം. പഴഞ്ചൻ ആശയങ്ങളല്ല, ഇന്ന് പുതുപുത്തൻ ആശയങ്ങളാണ് ആവശ്യം എന്നു തുടങ്ങി പലരും പല രീതിയിൽ സംസാരിക്കുന്നത് ഒരുപക്ഷെ നിങ്ങൾ കേട്ടിരിക്കാം. ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന ആളുകൾക്ക് പറ്റിയതല്ല ഒന്നാം നൂറ്റാണ്ടിൽ എഴുതിയത് എന്ന് അവർ അനുമാനിക്കുവാൻ അവർക്ക് ധാരാളം കാരണങ്ങൾ കാണും. പക്ഷെ അതിന്റെ നിജസ്ഥിതി നാം നോക്കണം. തിരുവചനത്തിന്റെ പ്രസക്തി എക്കാലത്തേക്കുമുള്ളതാണ്. അതിന് സ്ഥലകാലവ്യത്യാസമില്ല. മനുഷ്യൻ ഈ ഭൂമിയിലുള്ളേടത്തോളം വചനം മനുഷ്യന്റെ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്

അവർ ഇതെല്ലാം പറയുമ്പോഴും ഏറ്റവും വിറ്റഴിക്കുന്ന പുസ്തകം ബൈബിളായി തുടരുന്നു എന്ന യാഥാർത്ഥ്യം അവർ മനസോടെ മറന്നുകളയുന്നു. ഓരോ വർഷവും അതിന്റെ വില്പന വർദ്ധിക്കുകയാണ്. അതിൽ പ്രതിപാദിക്കുന്ന കാര്യങ്ങൾ അറിയുവാൻ ആളുകൾക്കുള്ള ജിംജ്ഞാസയാണ് അതു കാണിക്കുന്നത്.സത്യവേദപുസ്തകം ഏറ്റവും കൂടുതൽ ആളുകൾ വാങ്ങുകയും വായിക്കുകയും ചെയ്യുന്നു എന്നതാണ് എന്റെ നിരീക്ഷണത്തിൽ എനിക്ക് മനസിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ദൈവവചനപ്രകാരം അവനെ വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്ന വ്യക്തിയിൽ ദൈവം തന്റെ ആത്മാവിനെ നൽകും. ആ ആത്മാവിനെ അനുസരിച്ചാണ് പിന്നീട് അയാൾ നടക്കേണ്ടത്. ദൈവാത്മാവിന് കീഴ്പ്പെട്ട് ജീവിക്കുന്നവരാണ് ദൈവത്തിന്റെ മക്കൾ. ഒരു വ്യക്തിയിൽ ക്രിസ്തുവിന്റെ ആത്മാവ് വസിക്കുന്നില്ലെങ്കിൽ അയാൾ ക്രിസ്തുവിനുള്ളവനല്ല(റോമർ 8:9).

ദൈവാത്മാവിനെ ദുഃഖിപ്പിക്കയോ ആത്മാവിനെതിരെ ദൂഷണം പറയുകയോ ചെയ്താൽ നൽകപ്പെട്ട ആത്മാവ് അയാളിൽ നിന്നു വിട്ടുപോകും. അതുകൊണ്ട് ആത്മാവിനെ ആരും കെടുക്കയോ

ദുഃഖിപ്പിക്കയോ നിന്ദിക്കയോ ചെയ്യരുത്. തുടർച്ചയായി പാപത്തിൽ ജീവിക്കുന്നവർ മാനസാന്തരപ്പെടാതിരുന്നാൽ ദൈവകോപമായിരിക്കും അവരിൽ വരിക. ദൈവത്തെ കോപിപ്പിക്കുന്നവരിൽ ദൈവം വസിക്കുകയില്ല. കാരണം ദൈവം പരിശുദ്ധനാണ്. വിശുദ്ധീകരിക്കപ്പെട്ട ഹൃദയത്തിലാണ് ദൈവം വസിക്കുന്നത്. ബാഹ്യമായ ഒരു സ്ഥലത്തും ദൈവം വസിക്കുകയില്ല എന്നു നാം മനസിലാക്കണം. (എഫെസ്യർ 4:30; 1തെസലൊനിക്യർ 5:19). ദൈവത്തെ സത്യത്തിലും ആത്മാവിലും അവർ ആരാധിക്കുവാനും സത്യത്തിന്റെ പരിജ്ഞാനം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാനും അത്തരം ആളുകൾക്ക് കഴിയുന്നില്ല. ചുരുക്കി പറഞ്ഞാൽ ദൈവഹിതത്തിന് വിപരീതമായിട്ടാണ് അവർ ജീവിതം നയിക്കുന്നത്.

കർത്താവിനാൽ രക്ഷിക്കപ്പെട്ട് അവന്റെ സഭയോട് ചേർക്കപ്പെട്ടവർ സഭായോഗം മുടക്കി ലോകപ്രകാരമുള്ള കാര്യങ്ങൾക്കായി നടക്കുമ്പോൾ അത് ദൈവത്തെ വിട്ടുകളയുന്നതിനു തുല്യമാണ്. അവർ തങ്ങളുടെ വിളക്കുകളിലെ എണ്ണ പരിശോധിക്കാത്തവരാണ്. എണ്ണയുള്ളവർക്ക് എണ്ണക്കായി പുറത്തുപോകേണ്ടിവരികയില്ല. ദൈവരാജ്യത്തിലെ പൗരന്മാർ തങ്ങളുടെ രാജ്യത്തിന്റെ പ്രവൃത്തികൾ ചെയ്യാതെ മറ്റു പ്രവൃത്തികൾക്ക് മുൻതൂക്കം കൊടുക്കുമ്പോൾ അതിൽ ദൈവം പ്രസാദിക്കുമെന്ന് വിചാരിക്കരുത്. ലോകപ്രകാരം ജീവിക്കുന്നവർ ഇരുട്ടിലാണ് വസിക്കുന്നത്. അവരിൽ വെളിച്ചം ഇല്ല എന്നു പറയാം. കാരണം ദൈവനിയമം ഏതായാലും അതു ലംഘിച്ചാൽ പാപമായി തീരും.

മത്തായി 24 ഉം 25 ഉം അദ്ധ്യായങ്ങൾ നാം ശ്രദ്ധാപൂർവ്വം വായിച്ചാൽ അവിടെ പ്രതിപാദിക്കുന്നത് ന്യായവിധി ആണെന്ന് മനസിലാകും. അന്തിമമായ വിധി എല്ലാവർക്കും ഉള്ളതാണ്. അതിൽനിന്ന് ഒഴിഞ്ഞുമാറുവാൻ ആർക്കും സാധ്യമല്ല. അതുകൊണ്ട് നാം നമ്മുടെ കുറവുകളെ കാണാതിരിക്കരുത്. പാപങ്ങളിൽനിന്നുള്ള മാനസാന്തരവും അനുസരണവും എല്ലാവർക്കും അനിവാര്യമാണ്. കാരണം താൻ പാപം ചെയ്യുന്നില്ല എന്നു ഒരു മനുഷ്യനും പറയുവാൻ സാധ്യമല്ല. മനുഷ്യരിൽ ഒരു പാപവും ചെയ്യാതിരിക്കുന്ന നീതിമാനില്ല എന്ന യാഥാർത്ഥ്യം നാം മനസിലാക്കണം(എബ്രായർ 5:8, 9). ബുദ്ധിയില്ലാത്ത കന്യകമാരാണ് സമയം കഴിഞ്ഞ് ഞങ്ങൾക്ക് തുറന്നുതരേ

ണമേ എന്ന് ഉച്ചത്തിൽ നിലവിളിക്കുന്നത്. പക്ഷെ ഫലമുണ്ടായില്ല. നമുക്ക് അവസരം ഉള്ളത് കർത്താവ് വരുന്നതുവരെ അഥവാ നമ്മുടെ മരണം വരെയാണ്. അതിന് ശേഷം ആർക്കുമില്ല അവസരം. അതു നാം മനസിലാക്കി ജീവിക്കണം. സുവിശേഷം അനുസരിക്കാത്തവർ ഇന്നു തന്നെ അനുസരിക്കുക. നീട്ടിവെച്ചാൽ അവസരം നിഷേധിക്കപ്പെടും എന്ന് അറിയുക.

സ്ത്രീകൾക്കു വേണ്ടി

# സ്ത്രീയുടെ വില

ബെറ്റി ബി.സി.

### അവളുടെ ഭക്തി

വിലയുള്ള ഒരു വസ്തുവാണോ സ്ത്രീ? ഈ ചോദ്യം വിവിധ രീതിയിലുള്ള ആളുകളോട് ചോദിച്ചാൽ കിട്ടുന്ന ഉത്തരവും വിഭിന്നമായിരിക്കും. ചില പ്രദേശത്തെ നടപ്പ് അനുസരിച്ച് അമ്മയുടെ പേരായിരിക്കും കുടുംബത്തിന് ഇടുക. തന്നെയുമല്ല സ്ത്രീ ആയിരിക്കും ആ കുടുംബത്തിലെ ഓഹരികൾക്കെല്ലാം അവകാശി. തങ്ങളുടെ പെൺകുട്ടികൾക്ക് ഭീമമായ ഒരു തുക സ്ത്രീധനമായി ആവശ്യപ്പെടുമ്പാൾ അവർക്ക് അതിനു കഴിയാതെ വരുമ്പോൾ പെൺമക്കൾ അവർക്ക് ഭാരമായി തീരുന്നു. അതുകൊണ്ട് മിക്കപേരും ജനിക്കുവാൻ പോകുന്ന ശിശു പെൺകുഞ്ഞാണെന്ന് അറിഞ്ഞാൽ അവർ ഗർഭഛിദ്രത്തിന് തയ്യാറാകുന്നു. വേറെ ചിലർ ജനിച്ചുകഴിഞ്ഞ ശിശുവിനെ വളർത്തുവാനും വിദ്യാഭ്യാസം ചെയ്യിക്കുവാനും പിന്നീട് വിവാഹം ചെയ്ത് അയക്കുവാനും നിർവ്വാഹമില്ലാത്തതുകൊണ്ട്, ഒന്നുകിൽ അതിനെ അനാഥാലയങ്ങളിലോ ശിശിക്ഷേമ മന്ദിരങ്ങളിലോ കൊണ്ടാക്കുന്നു. ചിലർ ശിശുക്കളെ വിഷം കൊടുത്തു കൊല്ലുകയും ചെയ്യും. ഇതെല്ലാം മനുഷ്യത്വഹീനവും മൃഗീയവുമായ പ്രവൃത്തികളാണെന്ന കാര്യത്തിൽ സംശയമില്ല.

ഇന്നു സമൂഹത്തിൽ വിവാഹമോചനം വർദ്ധിച്ചു വരികയാണ്. കുടുംബകോടതികളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. കാരണം

കേസുകളുടെ ബാഹുല്യമാണ്. നിസാരമായ കാരണങ്ങൾ പറഞ്ഞു വിവാഹബന്ധം വലിച്ചെറിയുകയാണ്. ദൈവത്താൽ യോജിപ്പിക്കപ്പെട്ട മാന്യമായ ബന്ധത്തെ അവർ പൊട്ടിച്ചെറിയുകയാണ്. ഇത് ദൈവത്തിന്റെ മുൻപാകെയും മനുഷ്യരുടെ മുൻപാകെയും തികച്ചും ഒരു പോരായ്മ തന്നെയാണ്. ബന്ധത്തേക്കാൾ പണത്തെ സ്നേഹിക്കുന്ന രീതിയിലേക്ക് ആളുകൾ പോയിക്കൊണ്ടിരിക്കുന്നു. ഓരോ പുരുഷന്ന് ഓരോ സ്ത്രീ എന്ന നിയമം ദൈവമാണ് വെച്ചിരിക്കുന്നത്. അത് വിവാഹബന്ധത്തിൽകൂടെയാണ് സ്ഥാപിക്കപ്പെടുന്നത്. തക്കതായ തുണയെയാണ് ദൈവം ഒരാൾക്ക് പങ്കാളിയായി നൽകുന്നത്. അതിൽ എല്ലാവരും തൃപ്തിപ്പെടണം. അല്ലാതെ വരുമ്പോഴാണ് പ്രശ്നങ്ങളുണ്ടാകുന്നത്. അത് സ്ത്രീക്കായാലും പുരുഷനായാലും ശരിയാണ്.

മനുഷ്യവംശത്തിന്റെ വർദ്ധനവ് ദൈവം ആരംഭം മുതൽ ആഗ്രഹിച്ചിരുന്നു. അതുകൊണ്ടാണ് നിങ്ങൾ സന്താനപുഷ്ടിയുള്ളവരാകുവിൻ എന്ന് കൽപിച്ചത്. ആ ഉദ്ദേശം ആരും മറന്നുകളയരുത്. ആദ്യം പാപത്തിനിരയായത് ഹവ്വയാണെങ്കിലും അവളെ ദൈവം നിരാകരിച്ചില്ല. സാത്താനെ നശിപ്പിക്കുവാൻ ദൈവം അയക്കുമെന്ന് വാഗ്ദാനം ചെയ്തത് സ്ത്രീയുടെ സന്തതിയെയാണ്(ഉൽപത്തി 3:15). ഒരു മനുഷ്യസ്ത്രീയായിരുന്ന മറിയയിൽ കൂടെയാണ് മനുഷ്യപുത്രനായ യേശു കാലസമ്പൂർണ്ണതയിൽ ജനിക്കുന്നത്(ഗലാത്യർ4:4). ദൈവത്തിന് വേണമെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ രക്ഷകനെ ഈ ഭൂമിയിലേക്ക് അയക്കാമായിരുന്നു. പക്ഷെ സ്ത്രീ മൂലം പാപം ലോകത്തിലേക്ക് വന്നതുകൊണ്ട് സ്ത്രീമൂലം രക്ഷകനേയും ദൈവം ലോകത്തിലേക്ക് അയച്ചു. ദൈവത്തിന്റെ പദ്ധതി മനുഷ്യചിന്തക്ക് അപ്പുറമാണ്. അത് നിറവേറുകതന്നെ ചെയ്യും.

കർത്താവിന്റെ ദൂതൻ മറിയക്ക് പ്രത്യക്ഷനായി പറഞ്ഞതെന്തെന്നാൽ കൃപ ലഭിച്ചവളേ നിനക്ക് വന്ദനം. കർത്താവ് നിന്നോടുകൂടെ ഉണ്ട്. ദൈവം അവളെ അംഗീകരിച്ചതായി ഇതിൽനിന്നു തെളിയുന്നു. ലോകരക്ഷിതാവായി തീരുവാനുള്ള കർത്താവിന് ജനിക്കുവാൻ ദൈവം അവളെ തിരഞ്ഞെടുത്തു. ആ ശിശുവിനെ അവൾ പോറ്റി വളർത്തി പരിശീലിപ്പിക്കയും ചെയ്തു. കർത്താവായ യേശു വളർന്ന് തന്റെ പരസ്യശുശ്രൂഷയിലേക്ക് പ്രവേശിച്ചപ്പോൾ നടക്കുന്ന സംഭ

വത്തിലേക്ക് നമുക്ക് ഒന്നു നോക്കാം. അനന്തരം അവൻ ദൈവ രാജ്യം പ്രസംഗിച്ചും സുവിശേഷിച്ചുംകൊണ്ട് പട്ടണം തോറും സഞ്ചരിച്ചു. അവനോടുകൂടെ പന്തിരുവരും അവൻ ദുരാത്മാക്കളെയും വ്യാധികളെയും നീക്കി സൗഖ്യമാക്കിയ ചില സ്ത്രീകളും ഏഴു ഭൂതങ്ങളെ പുറത്താക്കിയ മഗ്ദലക്കാരത്തി മറിയയും, ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യ യോഹന്നയും ശുശന്നയും, തങ്ങളുടെ വസ്തുവകകൊണ്ട് അവർക്ക് ശുശ്രൂഷ ചെയ്തുവന്ന മറ്റു സ്ത്രീകളും ഉണ്ടായിരുന്നു(ലൂക്കൊസ് 8:1-3).

ഉയർത്തെഴുന്നേറ്റ ക്രിസ്തു ആദ്യം പ്രത്യക്ഷനായത് ഒരു സ്ത്രിക്കായിരുന്നു. താൻ ഉയർത്തെഴുന്നേറ്റ വിവരം ശിഷ്യന്മാരെ അറിയിക്കുവാൻ ആദ്യം ആവശ്യപ്പെട്ടത് ഒരു സ്തീയോടായിരുന്നു. (യോഹന്നാൻ 20:11-18). പക്ഷെ ദൈവത്തിന്റെ രക്ഷ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായിട്ടാണ് വെച്ചിരിക്കുന്നത്(മത്തായി 24:40, 41). സ്തീകൾ പലപ്പോഴും തങ്ങളുടെ സ്വാധീനവ്യാപ്തി ചെറുതാണെന്നും തങ്ങളുടെ സ്നേഹവും ദൈവത്തോടുള്ള ഭക്തിയും അത്ര വിലമതിച്ചതല്ല എന്ന് കരുതുന്നു. സ്ത്രീകൾ പരസ്യാരാധന നയിക്കുന്നില്ല. സ്ത്രീകൾ പരസ്യമായി പ്രസംഗിക്കുന്നുമില്ല. ഒരു സ്ത്രീക്ക് അവളുടെ ദൈവത്തോടുള്ള വിശ്വസ്തത തെളിയിക്കുവാൻ, അവൾ എന്താണ് ചെയ്യേണ്ടത്? ലോകത്തിൽ അവളുടെ ജീവിതം പ്രാധാന്യമുള്ളതാണ്. അവളുടെ കടമ വലുത് തന്നെയാണ്. ദൈവം താലന്തുകൾ നൽകിയിരിക്കുന്നത് അവ ഉപയോഗിക്കുന്നതിനാണ്.

ഒരു ക്രിസ്തീയ സ്ത്രീയെ എനിക്ക് അറിയാം. അവൾ കോളേജിൽ പോയി പഠിച്ചിട്ടില്ല. അവൾ ഒരിക്കലും ഒരു പുസ്തകം എഴുതിയിട്ടില്ല. സഭയിലെ ഏതാനും സ്ത്രീകളേയും കുട്ടികളേയും മാത്രം പഠിപ്പിക്കയുണ്ടായി. സുവിശേഷപരമായ ഒരു യാത്ര പോലും അവൾ നടത്തിയിട്ടില്ല. വിവാഹശേഷം അവൾ നീണ്ട അറുപതു വർഷം വിശ്വസ്തമായ ജീവിതം നയിച്ചു. അവളുടെ ഭക്തി അവളുടെ ഭർത്താവിന് പ്രചോദനവും ശക്തിയും പകർന്നു കൊടുത്തു. അവളുടെ മക്കളെല്ലാവരും വളർന്നപ്പോൾ അവരുടെ അമ്മ കാണിച്ചുകൊടുത്ത മാതൃകയാണ് പിൻപറ്റിയത്. അവളുടെ വ്യക്തിപരമായ ഉപദേശത്താൽ അസംഖ്യം പേർ ക്രിസ്ത്യാനികളായി തീർന്നു. അവൾ കാണിച്ചുകൊടുത്ത വിശ്വാസ മാതൃക അവളുടെ മക്കൾക്കും കൊച്ചുമ

ക്കൾക്കും അനുകരിക്കത്തക്കതായിരുന്നു.. അവൾ ഉൽസാഹ ത്തോടെ പ്രവർത്തനനിരതയായിരുന്നു. മറ്റുള്ളവരെ സഹായിക്കുന്നതിൽ അവൾക്കുണ്ടായിരുന്ന ഗുണം അനിതരസാധാരണമായിരുന്നു.

കൂടാതെ വിദേശത്ത് മിഷിണറിയായി പ്രവർത്തിക്കുന്ന ഒരു കുടുംബം അവളുടേതാണ്. അവർ കർത്താവിന്റെ സഭയിൽ 30 വർഷമായി അക്ഷീണം പ്രവർത്തിച്ചുവരുന്നു. റേഡിയോ, പ്രസിദ്ധീകരണങ്ങൾ എന്ന മാദ്ധ്യമങ്ങളിൽകൂടി അവർ സത്യസന്ദേശം വ്യാപിപ്പിച്ചുകൊണ്ടാണിരിക്കുന്നത്. അമേരിക്കയിലും വിദേശത്തുമുള്ള ക്രിസ്ത്യാനികളുമൊത്ത് അവർ ലോകസുവിശേഷീകരണയത്നത്തിൽ പങ്കുകാരിയായിരിക്കുന്നു. ആത്മാക്കൾ രക്ഷിക്കപ്പെടുന്നതും വളരെയധികം സ്ഥലങ്ങളിൽ ഇടവകകൾ പുതുതായി ആരംഭിക്കുന്നതും അവൾക്ക് കാണുവാൻ കഴിഞ്ഞു. ദൈവരാജ്യത്തിന്റെ വിത്ത് അവർ എവിടെയെല്ലാം വിതറിയിട്ടുണ്ടോ അതെല്ലാം മുളച്ചുവളർന്ന് ഫലം കായ്ച്ചുകൊണ്ടാണിരിക്കുന്നത്. അതു കണ്ട് സ്വർഗം സന്തോഷിക്കുകയാണ്.

ആ സ്ത്രീയുടെ യൗവ്വനകാലത്തെ ഒന്ന് അനുസ്മരിച്ചാൽ, അവളുടെ വിശ്വസ്തമായ ജീവിതം വിജയകരമായി തീർന്നു, യൗവ്വനത്തിൽ നീ നിന്റെ സൃഷ്ടാവിനെ അറിഞ്ഞുകൊൾക എന്ന ദൈവകല്പന അവൾ പ്രാവർത്തികമാക്കി. അവളുടെ മാതാപിതാക്കളോ സഹോദരങ്ങളോ ആരും ക്രിസ്ത്യാനികളായി തീരാതിരുന്നിട്ടും അവൾക്ക് തന്റെ വിശ്വസ്തത നിലനിർത്തുവാൻ കഴിഞ്ഞു എന്നതു പ്രശംസനീയം തന്നെയാണ്. പതറിപ്പോകാത്ത വിശ്വാസത്തിൽ അവൾ ജീവിച്ചു. സമ്മർദ്ദങ്ങൾക്ക് അവളെ സ്വാധീനിക്കുവാൻ കഴിഞ്ഞില്ല.

എന്നാൽ ക്രിസ്തീയ സ്ത്രീയേ, നീ നിന്റെ ദൈവത്തോടുള്ള ഭക്തിയിൽ ശക്തി പ്രാപിക്കുക. ഒരു യഥാർത്ഥ അമ്മയുടെ കർത്തവ്യം കുടുംബത്തെ ദൈവഭക്തിയിൽ കൊണ്ടുപോകുക എന്നതാണ്. പ്രത്യേകിച്ച് കുഞ്ഞുങ്ങൾ അമ്മയുമൊത്താണ് പ്രാരംഭഘട്ടം ചെലവഴിക്കുന്നത്. കുഞ്ഞുങ്ങൾക്ക് വേണ്ട അഭ്യാസം കൊടുക്ക

# നല്ല ശമര്യക്കാരൻ

## സി.കെ. ആമോൻ

നല്ല ശമര്യക്കാരന്റെ സംഭവം കുട്ടികളെല്ലാം സണ്ടേസ്ക്കൂളിൽ പഠിച്ചിട്ടുണ്ടല്ലൊ. അത് അറിയാത്തവർ വിരളമായിരിക്കും. യേശു ക്രിസ്തു പറഞ്ഞ നല്ല ശമര്യക്കാരന്റെ ഉപമ വളരെ പ്രസിദ്ധമാണ ല്ലൊ. അത് വിവരിച്ചിരിക്കുന്നത്, ലൂക്കൊസിന്റെ സുവിശേഷം പത്താം അദ്ധ്യായം മുപ്പതു മുതൽ മുപ്പത്തിയേഴുവരെയുള്ള വാക്യ ങ്ങളിലാണ്. നാല് സുവിശേഷങ്ങളിലായി കർത്താവ് മുപ്പത്തി-ഒൻപത് ഉപമകൾ പറഞ്ഞിട്ടുള്ളതായി കാണാം. മനസിലാക്കുവാൻ പ്രയാസമുള്ളതിന്റെ പൊരുളും യേശു വ്യക്തമാക്കിയിട്ടുണ്ട്. നല്ല ശമര്യക്കാരന്റെ ഉപമയിൽ കർത്താവിനെ നമുക്ക് നല്ല ഒരു മാർഗ്ഗ ദർശിയായി കാണുവാൻ കഴിയും.

ഒരു യെഹൂദൻ യെരുശലേമിൽനിന്ന് യെരീഹോവിലേക്ക് പോയി. മാർഗമദ്ധ്യേ കള്ളന്മാർ അവനെ ആക്രമിക്കുകയും അവന്റെ കയ്യിലുണ്ടായിരുന്നതെല്ലാം കവർച്ച ചെയ്യപ്പെടുകയുമുണ്ടായി. ഉപ ദ്രവിക്കപ്പെട്ട് മുറിവേറ്റ് വഴിയരികിൽ കിടന്ന ആ മനുഷ്യന്റെ സമീപ ത്തുകൂടി ഒരു പുരോഹിതനും ലേവ്യനും കടന്നുപോയി. എങ്കിലും അവനെ സഹായിച്ചില്ല. എന്നാൽ യെഹൂദന്മാർക്ക് സംസർഗമില്ലാ തിരുന്ന ഒരു ശമര്യക്കാരൻ അതുവഴി കടന്നുവന്നു. അർദ്ധപ്രാണ നായി കിടക്കുന്ന ഒരു മനുഷ്യനെ കണ്ടിട്ട് മനസലിഞ്ഞു തന്റെ വാഹ നമൃഗത്തിൽനിന്ന് ഇറങ്ങി എണ്ണയും വീഞ്ഞും പകർന്ന് അവന്റെ മുറിവുകളെ കെട്ടി. അവനെ തന്റെ വാഹനമൃഗത്തിന്മേൽ കയറ്റി വഴിയമ്പലത്തിൽ കൊണ്ടുപോയി രക്ഷ ചെയ്തു പിറ്റേദിവസം അവൻ പുറപ്പെടുമ്പോൾ രണ്ട് വെള്ളിക്കാശ് എടുത്ത് വഴിയമ്പല ക്കാരന് കൊടുത്തു. ഇവനെ രക്ഷ ചെയ്യേണം, അധികം വല്ലതും ചെലവിട്ടാൽ ഞാൻ മടങ്ങി വരുമ്പോൾ തന്നുകൊള്ളാം എന്നു പറ ഞ്ഞിട്ടാണ് പോയത്.

ദൈവസന്നിധിയായ യെരുശലേം വിട്ട് വഴിയാത്രക്കു പോകുന്ന ഏതൊരു വ്യക്തിയേയും പ്രതിനിധീകരിക്കുകയാണ്, കൊള്ളക്കാ രാൽ ആക്രമിക്കപ്പെട്ട യെഹൂദൻ. ഇന്ന് പുതിയനിയമ സഭയാകുന്ന

ദൈവസാന്നിധ്യത്തിൽനിന്നു പുറത്തുപോകുന്ന ഏതൊരാളും കൊള്ളക്കാരാൽ ആക്രമിക്കപ്പെടും. വഴിയരികിൽ ആക്രമിക്കുവാൻ പതിയിരിക്കുന്ന അക്രമികൾ ദുരുപദേഷ്ടാക്കന്മാരാകുന്നു. അവരുടെ കയ്യിൽ അകപ്പെട്ടാൽ, നമ്മുടെ ദൈവികബോധവും ആത്മിയയതയും ആകുന്ന നീതിവസ്ത്രം അഴിച്ച് പാപത്താൽ മുറിവേൽപിച്ച് അർദ്ധപ്രാണനായി വിട്ടിട്ടുപോകും. അത് എല്ലാവരും മനസിലാക്കണം.

## യെരീഹോ

യെരുശലേം സമുദ്ര നിരപ്പിൽ നിന്ന് 2300 അടി ഉയർന്നു നിൽക്കുമ്പോൾ യെരിഹോവാകട്ടെ സമുദ്രനിരപ്പിൽ നിന്നും 1300 അടി താഴ്ചയിൽ യോർദ്ദാൻ താഴ്വരയിൽ കിടക്കുന്നു. ബി. സി. 1451– ൽ യോശുവാ യെരിഹോ പട്ടണം പിടിച്ചെടുത്തെങ്കിലും പിന്നീട് യിസ്രായേലിന് ആ സ്ഥലം നഷ്ടപ്പെട്ടു. 1967–ലെ ചരിത്രപ്രസിദ്ധമായ 6ദിവസത്തെ യുദ്ധത്തിൽ ജോർദ്ദാനിൽ നിന്നും യിസ്രായേൽ യെരിഹോ പിടിച്ചെടുത്തു. 6 മാസത്തെ നിരന്തരമായ ചർച്ചക്കു ശേഷം യിസ്രായേൽ പാലസ്തീൻ ഉടമ്പടി പ്രകാരം 5–5–1994–ൽ യെരിഹോ പാലസ്തീൻകാർക്കു വിട്ടുകൊടുത്തു. ലേഖകൻ വിശുദ്ധനാടു സന്ദർശിച്ചപ്പോൾ യെരിഹോവിന് നമ്മുടെ നാട്ടിലെ മൂന്നാർ ദേവികുളം എന്നീ സ്ഥലങ്ങളിലെ പ്രതീതിയാണ് ഉളവായത്.

## ആ വഴി ഒരു പുരോഹിതൻ വന്നു

നേരമല്ലാനേരത്തു ആ വഴിയിൽ കൂടി ഏകനായി യാത്ര ചെയ്യുവാൻ ഒരുമ്പെട്ട ആ പഥികൻ ഒരു ധീരനും സാഹസികനുമായിരിക്കണം. പുരോഹിതവർഗ്ഗക്കാരും ലേവ്യരും ജനസേവനത്തിനു സമർപ്പണം ചെയ്യപ്പെട്ടവരാണ്. അവർ കാരുണ്യവാനായ ദൈവത്തെ ദിനംപ്രതി ആരാധിക്കുന്നവരും, മനുഷ്യരോടും മൃഗങ്ങളോടും മനസലിവു തോന്നണമെന്നു ഉപദേശിക്കുന്ന ന്യായപ്രമാണം അനുസരിക്കുന്നവരെന്ന് അഭിമാനിക്കുന്നവരുമാണ്. എങ്കിലും മുറിവേറ്റു വഴിയിൽ കിടക്കുന്ന മനുഷ്യനെ കണ്ട് അവർ മാറികടന്നുപോയി. മതവും അതിന്റെ വ്യവസ്ഥിതികളും നിന്നെ വിട്ടുമാറി കളയുമ്പോൾ നിന്നെ കണ്ടു മനസലിഞ്ഞ് അടുത്തുവരുന്ന നല്ല ശമര്യക്കാരൻ നീ വെറുത്തിരുന്ന യേശുക്രിസ്തുവാണ്. "കരുണാസമ്പന്നനായ

ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും -കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു" (എഫെ. 2:9).

നിന്നെ രക്ഷിച്ച് വിട്ടുകളയുന്നവനല്ല കർത്താവ്. അവൻ നിന്നെ വഴിയമ്പലത്തിൽ കൊണ്ടുചെന്നാക്കുന്നു. ആ വഴിയമ്പലത്തിൽ നിന്റെ രക്ഷക്കും വളർച്ചക്കും ആവശ്യമായതൊക്കെയും അവൻ ക്രമീകരിച്ചിട്ടുണ്ട്. ആ വഴി അമ്പലം, പ്രാദേശിക സഭയുടെ ഒരു ചിത്രമത്രേ. "കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരിക്കുന്നു" (പ്രവൃത്തി 2:47). വഴി അമ്പലക്കാരനോടു നല്ല ശമര്യൻ പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്. 'ഇവനെ രക്ഷ ചെയ്യേണ്ടത് വഴി അമ്പലക്കാരന്റെ ചുമതലയാണ്. അവനെ വിശ്വാസത്തിൽ ആരോഗ്യമുള്ളവനായി പത്ഥ്യോപദേശത്തിൽ നിർണ്ണയമുള്ളവനായി കർത്താവിനു കൊള്ളാവുനായി വളർത്തിക്കൊണ്ടു വരണം. ആരാണ് ഈ വഴിയമ്പലക്കാരൻ, സഭയുടെ ചുമതലക്കാർ സഭാശുശ്രൂഷകർ എന്നിവരാണ്. ശമര്യക്കാരൻ വഴിയമ്പലക്കാരന് രണ്ട് വള്ളിക്കാശു കൊടുത്തിട്ടാണ് രക്ഷചെയ്യണമെന്നു പറഞ്ഞത്. ക്രിസ്തുവിന്റെ സഭയിൽ വഴിയമ്പലക്കാരനും അപ്പോസ്ഥലന്മാരും അവരുടെ പിൻഗാമികളായ സഭാശുശ്രൂഷകന്മാരുമാണെങ്കിൽ ഉപദേഷ്ടാക്കന്മാർക്കുള്ള പ്രതിഫലം ഇപ്പോഴും കർത്താവിന്റെ വരവിലും ലഭിക്കും. അധികം വല്ലതും ചിലവിട്ടാൽ ഞാൻ മടങ്ങിവരുമ്പോൾ തന്നുകൊള്ളാം.

പൗലോസ് ദൈവവചനവും പരിശുദ്ധാത്മവരങ്ങളും കൊണ്ടു ശുശ്രൂഷിച്ചു. എന്നാൽ ആ ശുശ്രൂഷയിൽ അവന്റെ ശരീരത്തെ, സമയത്തെ, പണത്തെ, ആരോഗ്യത്തെയൊക്കെ അവൻ ചിലവിട്ടു. ഇവയെല്ലാം അധികം ചിലവിട്ടതാണ്. ഇതിനൊക്കെയും കർത്താവു പ്രതിഫലം തരും. യേശുകർത്താവ് മടങ്ങിവരും. അധികം ചിലവിട്ടതിനു പ്രതിഫലവുമായി വരും. നിനയാത്ത നാഴികയിൽ കർത്താവു വരും. "നമുക്ക് കർത്താവിനെ എതിരേൽപാൻ ഒരുങ്ങാം" നമ്മുടെ പ്രവൃത്തികളുടെ പ്രതിഫലത്തിനായി ഒരുങ്ങാം (ആമോസ് 4:12).

★

# ക്രിസ്ത്യാനി ആർ

തങ്ങൾ ക്രസ്ത്യാനികൾ ആണെന്നു ഈ ലോകത്തിൽ ധാരാളം ആളുകൾ ആവകാശപ്പെടുന്നുണ്ട്. ക്രിസ്ത്യാനി എന്ന വാക്കിനു അസംഖ്യം നിർവ്വചനങ്ങളും പരന്നിട്ടുണ്ട്. ആ പേരിന്റെ അർത്ഥമെന്തെന്നും ആ വ്യക്തി ആർ എന്നും കണ്ടുപിടിക്കണമെങ്കിൽ കുറച്ചു സമയം നാം എടുത്തു നോക്കേണ്ടതുണ്ട്. ആ പഠനത്തിൽ നിന്നും കിട്ടുന്ന ഉത്തരം ആശ്ചര്യജനകമായി തോന്നാം.

ഒരാൾ ആ അവകാശം ഉന്നയിച്ചതുകൊണ്ടു മാത്രം ക്രിസ്ത്യാനിയായിതീരുന്നില്ല. അയാൾ ദൈവത്തിൽ നിശ്വസിക്കുന്നവനാകാം, ദൈവപുത്രനായ ക്രിസ്തുവിൽ വിശ്വസിക്കുന്നുണ്ടാകാം. പക്ഷെ അതു അയാളെ ക്രിസ്ത്യാനിയാക്കി മാറ്റുന്നില്ല. അയാൾ സ്നാനപ്പെട്ടിരിക്കാം. ഏതെങ്കിലും സഭയിലേക്കു ചേർന്നിരിക്കാം. എന്നാൽ അതും അയാളെ ക്രിസ്ത്യാനിയായിമാറ്റുന്നില്ല. മതഭക്തിയുള്ള ആളാകാം, ഔദാര്യമായി കൊടുക്കുന്നവനാകാം, സൽപ്രവൃത്തികൾ ചെയ്യുന്നവനാകാം, ഉപദേഷ്ടാവുപോലും ആയിരിക്കാം. എന്നാൽ ഇവയൊന്നും അവനെ ക്രിസ്ത്യാനിയാക്കുന്നു എന്നു അർത്ഥമാക്കുന്നില്ല. അവൻ കർത്താവിനുള്ളവൻ എന്നും വരുന്നില്ല. അയാൾ പലപ്പോഴും പ്രാർത്ഥിക്കുന്നുണ്ടാകാം, എല്ലാ ഞായറാഴ്ച്ചയും ആരാധനക്കു പോകുന്നുണ്ടാകാം, ജഡത്തിന്റെ പ്രവൃത്തികളിൽ നിന്നു വിട്ടകന്നു നല്ല സംസാരം, നല്ല ചിന്ത, നല്ല പേർ എന്നിവയെല്ലാം ഉള്ള ആളാകാം. എന്നാൽ ഇതൊന്നും അവനെ യഥാർത്ഥത്തിൽ ദൈവപൈതലാക്കി തീർക്കണമെന്നില്ല.

വാസ്തവം എന്തെന്നു തിരിച്ചറിയൽ ഇവിടെ ആവശ്യം. അന്ധമായി എന്തെങ്കിലും ശരി എന്നു വിചാരിച്ചാൽ അങ്ങനെ ആകണമെന്നില്ല. മതപരമായ കാര്യങ്ങളിൽ മിക്കവാറും പേർ മദ്ധ്യഘട്ടത്തിൽ നിൽക്കുവാൻ ആഗ്രഹിക്കുന്നു. ന്യായീകരിക്കുവാൻ മനുഷ്യർക്ക് ഉള്ള വാസനപുരാതനകാലം മുതൽ കണ്ടു വരുന്നതാണ്. അതു കൊണ്ട്. തെറ്റ് ശരിയായി ഒരിക്കലും മാറുകയില്ല. ദൈവത്തോടു പ്രതിവാദം നടത്തുവാൻ ശ്രമിക്കുന്നതു വിഡ്ഢിത്തം ആയിരിക്കും എന്നതിനു സംശയം ആർക്കും കാണുകയില്ലല്ലോ.

മുകളിൽ പ്രസ്താവിച്ച വിവരണം കേട്ടിട്ടു ഇപ്പോൾ നിങ്ങൾക്കു

വിസ്മയം തോന്നിക്കാണും. നിങ്ങൾ അറിയുന്നവരേയും ഒരു പക്ഷെ നിങ്ങളെത്തന്നെയും ശിക്ഷക്കു വിധിക്കയോ കുറ്റം വിധിക്കയോ ആണ് ഞാൻ ചെയ്യുന്നതെന്നു പോലും നിങ്ങൾ തീർച്ചപ്പെടുത്തി കാണാം. മുകളിൽ പറഞ്ഞ നൻമ വശങ്ങൾ എല്ലാം ഉള്ള ഒരു വ്യക്തിയെ ലോകം കാണുന്നത് മാന്യനായ ഒരു ക്രിസ്ത്യാനിയായിട്ടായിരിക്കും. പക്ഷെ നിങ്ങളുടെ വീക്ഷണം ഉയർന്ന സ്ഥാനത്തു നിന്നുണ്ടായതു നിമിത്തമാണ് അങ്ങനെ സംഭവിക്കുന്നതു. അധികം പേരും ഈ വിധത്തിലുള്ള കാഴ്ച്ചപ്പാട് ഉള്ളവരാണ്. മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം ഒരാൾ ചെയ്യുന്നു എന്ന് വിചാരിക്കുക. പക്ഷെ അതെല്ലാം തെറ്റായ ഉപദേശങ്ങളുടെയും അനുമാനങ്ങളുടേയും അടിസ്ഥാനത്തിൽ ആണെങ്കിൽ അയാൾ വഞ്ചിക്കപ്പെട്ടിരിക്കയാണ് എന്നു തീർത്തു പറയാം. അവർ ചെയ്യുന്ന പ്രവർത്തികൾക്കൊന്നും അവനെ ഒരു ക്രിസ്ത്യാനിയാക്കാൻ ഉതകുന്നതല്ല.

നാം വഞ്ചിക്കപ്പെടരുതു എന്നു തിരുവെഴുത്തു നമ്മെ മുന്നറിയിച്ചിരിക്കയാണ്. അപ്പൊസ്ഥലനായ പൗലൊസിന്റെ വിവരണം ദയവായി വായിക്കുക. "ഇങ്ങനെയുള്ളവർ കള്ളയപ്പോസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പോസ്തലന്മാരുടെ വേഷം ധരിക്കുന്നവർ അത്രെ, അതു ആശ്ചര്യവുമല്ല. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല. അവരുടെ അവസാനം അവരുടെ പ്രവർത്തികൾക്കു ഒത്തതായിരിക്കും (2കൊരിന്ത്യർ 11:13-15). സത്യാവസ്ഥയെ മറച്ചു വിടിച്ചു അസത്യത്തെ പ്രചരിപ്പിക്കുന്ന വ്യവസ്ഥ പിശാചിന്റേതാണ് സ്വാഭാവിക കണ്ണുകൾക്കു കാണാൻ പറ്റാത്ത വിധം സാത്താൻ അവരുടെ കാഴചപ്പാട് കുരുടാക്കി മാറ്റിയിരിക്കുന്നു.

ആകയാൽ നാം വീണ്ടും ആ ചോദ്യത്തിലേക്കു തന്നെ വന്നു നിൽക്കുകയാണ്. ആരാണ് ക്രിസ്ത്യാനി, ഇതു പോലുള്ള ഏതു ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുവാൻ നാം തിരുവെഴുത്തിലേക്കു നോക്കണം. ദൈവമാണ് അന്തിമതീർപ്പ് കൽപ്പിക്കുന്നതു. അതു കൊണ്ടാണ്. ദൈവത്തിന്റെ അരുളപ്പാടുകൾ മാത്രമാണ് നമുക്ക് കരണേയമായിട്ടുള്ളത് എന്ന് പറയുവാൻ കാരണം. മറ്റെവിടെ നോക്കിയാലും അതു സമയ നഷ്ടവും കിട്ടുന്ന ഉത്തരം തെറ്റും ആയിരിക്കും. ദൈവവചന പ്രകാരം ദൈവേഷ്ടം അറിയുന്ന ആൾ ദൈവ

ത്തിലും അവന്റെ പുത്രനായ ക്രിസ്തുവിലും വിശ്വസിക്കുന്ന ആൾ (റോമർ 10:17, എബ്രായർ 11:6, യോഹന്നാൻ 14:1, 2). അയാളുടെ പാപത്തിൽ നിന്നു ദൈവത്തിങ്കലേക്കു തിരിഞ്ഞു ക്രിസ്തു ദൈവ പുത്രനാണെന്നു ഏറ്റു പറയുന്നവനായിരിക്കണം (പ്രവൃത്തി 17:30, ലൂക്കൊസ് 13:3, മത്തായി 10:32,33). പാപമോചനത്തിനായിട്ടുള്ള കർത്താവിന്റെ കൽപന അനുസരിക്കയും വേണം (പ്രവൃത്തി 2:38).

സ്നാനം വെള്ളത്തിലുള്ള അടക്കമാണ് (കൊലൊ, 2:11,12). കർത്താവിന്റെ പേരിനാൽ അറിയപ്പെടുന്ന രക്ഷിക്കപ്പെട്ട ക്രിസ്തുവിന്റെ സഭയിലേക്കു ചേർക്കപ്പെട്ട ഒരാളായിരിക്കും അദ്ദേഹം (മത്തായി 16:18, പ്രവൃത്തി 4:12, റോമർ 16:6). ഓരോ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലും ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നവനായിരിക്കണം ഒരു ക്രിസ്ത്യാനി (യോഹന്നാൻ 4:24, പ്രവൃത്തി20:7). അവൻ ലോകപ്രകാരമുള്ള വസ്തുക്കളിൽ നിന്നു വിട്ടകന്നു ദൈവഭക്തിയിലും വിശുദ്ധിയിലും ജീവിച്ച് മറ്റുള്ളവർക്കു ഗുണം ചെയ്തു കർത്താവിനു വിശ്വസ്തമായി ജീവിക്കുന്നു (1യോഹ. 2:15-17, തീത്തൊസ് 2:11,12, വെളിപ്പാട് 2:10). ഇതെല്ലാം പറയുമ്പോൾ തീർച്ചയായും പുറമെയുള്ള വഴികളാണ് നമുക്കു അടയാളമായിരിക്കുന്നതു. എന്നാൽ കർത്താവിനു ഈ വഴികൾ നന്നായി അറിയാം. അവനാണ് അന്തിമമായി തീർപ്പു കൽപിക്കുന്നവൻ. എന്നാൽ ഒരാൾ ഈ രീതിയിൽ കർത്താവിനെ അനുസരിച്ച് സമർപ്പണജീവിതം നയിക്കുമ്പോൾ ആയാൾ വാസ്തവത്തിലുള്ള ക്രിസ്ത്യാനിയാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നവനാണ് എന്നു ആ പ്രവൃത്തികളിലൂടെ തെഴിയിക്കുകയാണ് ചെയ്യുന്നതു.

നിങ്ങളോ മുകളിൽ പറഞ്ഞ കാര്യങ്ങൾ നിങ്ങൾ എങ്ങനെ സ്വീകരിക്കുന്നു, നിങ്ങൾ കർത്താവിനെ അനുസരിച്ചിട്ടുണ്ടോ, നിങ്ങൾ ക്രിസ്തുവിന്റെ സഭയിലെ അംഗമാണോ, നിങ്ങൾ ദിനവും അവനായിട്ടാണോ ജീവിക്കുന്നത്, പലർക്കും കർത്താവിനെ അനുസരിക്കുക എന്നു പറഞ്ഞാൽ എന്താണ് എന്നു വ്യക്തമല്ല. ക്രിസ്തുവിനെ അനുസരിക്കുക എന്നു പറയുമ്പോൾ അവന്റെ ഉപദേശങ്ങളെ അതേപോലെ അനുസരിക്കുക എന്നതാണ്. ക്രിസ്തുവിന്റെ സഭയിലെ അംഗമാകണമെങ്കിൽ വചനപ്രകാരം ഒരാൾ രക്ഷിക്കപ്പെടണം. എങ്കിലേ കർത്താവ് അവനെ തന്റെ സഭയിലേക്കു ചേർക്കയുള്ളു.

നിങ്ങൾ ഇതു ചെയ്തിട്ടില്ലെങ്കിൽ ഇന്നു തന്നെ അതിനായി ഒരുങ്ങുക. അമാന്തിക്കരുത്. നിങ്ങളുടെ ഹൃദയം തുറന്നു പ്രവർത്തിച്ച് യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കുക. അതു വളരെ പ്രയാസമാണ് എന്നു കരുതരുതു. ദൈവം ഉദ്ദേശിക്കുന്ന വഴി അതു മാത്രമാണ്. കർത്താവ് വാഗ്ദാനം ചെയ്തതു നാം മറക്കരുതു. നാം നമ്മുടെ ജീവിതത്തിൽ കർത്താവിനെ വായ്കൊണ്ടു ഏറ്റു പറഞ്ഞാലേ കർത്താവ് അന്ത്യനാളിൽ പിതാവിന്റെ മുമ്പിൽ നമ്മെയും ഏറ്റുപറയുകയുള്ളു (മത്തായി 10:32,33). ക്രിസ്ത്യാനിയാകുമ്പോൾ കിട്ടുന്ന പ്രത്യാശയേക്കാൾ വലിയനേട്ടം മറ്റൊന്നിലും നിങ്ങൾക്കു കൈവരിക്കാൻ സാദ്ധ്യമല്ല.

ക്രിസ്തുവിനെ നാം അനുഗമിക്കേണ്ടത് അവന്റെ വചനപ്രകാരമായിരിക്കണം. ക്രിസ്തുവിന്റെ നാമം വൃഥാ എടുക്കരുത്. ക്രിസ്ത്യാനിയായി കഷ്ടം സഹിക്കേണ്ടിവന്നാൽ നാം ഒരിക്കലും ലജ്ജിക്കരുത്. ആ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത്. ഇന്ന് അസംഖ്യം ആളുകൾ ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്നുണ്ട്. പക്ഷെ പരമാർത്ഥത്തിൽ അവർ ക്രിസ്തുവിനെ അല്ല അനുകരിക്കുന്നത്. ബൈബിളിൽ ക്രിസ്തുവിന്റെ ഹിതപ്രകാരം ക്രിസ്ത്യാനികളായി തീർന്നവർ അവന്റെ ഭാവം ഉൾക്കൊണ്ട് ക്രിസ്തുവിനുവേണ്ടിയാണ് ജീവിച്ചത്. കാരണം, ഒരാൾ ക്രിസ്തുവിലായാൽ അവൻ ക്രിസ്തുവിനുള്ളവനായി തീർന്നു. പിന്നീട് അവന്റെ മനോഭാവവും പ്രവൃത്തിയുമെല്ലാം ക്രിസ്തുവിന്റേതായി മാറണം.

നിങ്ങൾ വാസ്തവത്തിൽ ഒരു ദൈവപൈതലായി തീർന്നിട്ടുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾക്ക് ദൈവാനുഗ്രഹങ്ങൾ ലഭ്യമല്ല. ഉടനെ തന്നെ ദൈവത്തിലും അവന്റെ പുത്രനായ ക്രിസ്തുവിലും പൂർണ വിശ്വാസം അർപ്പിക്കുക. പാപങ്ങളിൽ നിന്നു തിരിഞ്ഞ് കർത്താവിന്റെ സന്നിധിയിലേക്കു വരിക. പാപ മോചനത്തിനായി അവൻ ദൈവപുത്രനെന്ന് ഏറ്റുപറഞ്ഞ് സ്നാനമേല്ക്കയും വേണം. അപ്പോൾ നിങ്ങളെ അവൻ രക്ഷിച്ച് തന്റെ സഭയോടു ചേർക്കും. പിന്നെ നിങ്ങൾ മരണപര്യന്തം വിശ്വസ്തമായി ജീവിക്കയും വേണം.

★

# വാർത്തകൾ

## വീണ്ടും കണ്ണീർപ്പുഴ

സ്കൂൾ വിട്ട് കുട്ടികളുമായി മടങ്ങിയ വാൻ കഴക്കൂട്ടം ചാന്നാ ങ്കര പാലത്തിനു സമീപം പാർവ്വതീപുത്തനാറിലേക്കു മറിഞ്ഞു നാലു കുട്ടികൾ മരിച്ചു19 കുട്ടികൾ രക്ഷപ്പെട്ടു. 17 പേർ ചികിൽസയിലാണ്.

★

## സുഡാനിൽ മലയാളി വെടിയേറ്റു മരിച്ചു.

കവർച്ച തടയാനുള്ള ശ്രമത്തിനിടെ സുഡാനിൽ മോഷ്ടാക്ക ളുടെ വെടിയേറ്റു തിരുവനന്തപുരം സ്വദേശി മരിച്ചു. കരിക്കകം കമ്പി ക്കകത്തു വീട്ടിൽ ശശികുമാർ (58) ആണു മരിച്ചത്.

★

## ഒരാൾ മരിച്ചു

പട്ടം പ്ലാമൂട് ജംഷനിൽ സ്കൂട്ടറിൽ വാനിടിച്ച് ഒരാൾ മരിച്ചു; മറ്റൊരാൾക്കു പരുക്കേറ്റു, തേക്കുംമൂട് പൂച്ചെടിവിള വീട്ടിൽ രാധാ കൃഷ്ണൻ (55) ആണു മരിച്ചത്. പരുക്കേറ്റ മരപ്പാലം തോട്ടുപറ മ്പിൽ സോമനെ (50) മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേ ശിപ്പിച്ചു. രാത്രി 10.45നായിരുന്നു അപകടം.

★

## അപകടകരം

വസ്തുതകൾ സൂക്ഷ്മമായി വിലയിരുത്താതെയുള്ള വിമർശനം ഏതു വ്യവസ്ഥയേയും ദോഷകരമായി ബാധിക്കുമെന്നു നിയുക്ത സുപ്രീം കോടതി ജഡ്ജിയും ഹൈക്കോടതി ചീഫ് ജസ്റ്റിസുമായ ജെ. ചെലമേശ്വർ അഭിപ്രായപ്പെട്ടു. ജനാധിപത്യത്തിന്റെ നിലനിൽപ്പിന് അതിലെ ഓരോ ഘടകത്തിന്റേയും കടമകളെപ്പറ്റി എല്ലാവർക്കും ധാരണയുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

★

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## ആക്ഷൻ കൗൺസിൽ പ്രക്ഷോഭത്തിലേക്ക്

കരമന കളിയിക്കാവിള ദേശീയപാത 30.2 മീറ്റർ വീതിയിൽ നാലു വരിയായി വികസിപ്പിക്കാനുള്ള പദ്ധതി നടപ്പാക്കുന്നതിൽ സർക്കാർ കാട്ടുന്ന അലംഭാവത്തിൽ പ്രതിഷേധിച്ച് ഒക്ടോബർ 14നു കളിയിക്കാവിളയിൽ നിന്നു സെക്രട്ടറിയേറ്റിലേക്കു വാഹന പ്രക്ഷോഭജാഥ സംഘടിപ്പിക്കാൻ കരമന-കളിയിക്കാവിള ദേശീയ പാതാവികസന ആക്ഷൻ കൗൺസിൽ എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു.

✶

## കവടിയാറിൽ കാറോടിച്ച് വന്നയാൾ മരിച്ചു.

കാറോടിച്ച് വന്നയാൾ കവടിയാർ ജംക്ഷനിൽ വച്ച് അബോധാവസ്ഥയിലായി. ഓടിക്കൂടിയ നാട്ടുകാർ കാറോടിച്ചിരുന്ന കുറവൻകോണം മമ്മീസ് കോളനിയിൽ ഹൗസ് നമ്പർ 36 ൽ വാടകയ്ക്കു താമസിക്കുന്ന അശോക്കുമാറിനെ (54) മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിക്കുമ്പോഴേക്കും മരിച്ചു.

✶

## വാഹനം പെരുകുന്നു, ഒപ്പം ശ്വാസകോശ രോഗികളും.

വാഹനങ്ങളുടെ പെരുപ്പം മൂലം ശ്വാസം മുട്ടുന്ന ഇന്ത്യയിലേയും ചൈനയിലേയും നഗരങ്ങളിൽ പാർക്കുന്നവർക്ക് ശ്വാസകോശരോഗങ്ങളും ശ്വാസ കോശാർബുദവും വർധിക്കുന്നതായി ലോകാരോഗ്യ സംഘടന അഭിപ്രായപ്പെടുന്നു.

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

**HEAR THE VOICE OF TRUTH ON RADIO**

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 October**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11

Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378

To